# മധുരമായ കുട്ടികളേ, പവിത്രതയില്ലാതെ മനുഷ്യരെ ഒരു കാര്യത്തിനും കൊള്ളില്ല, അതുകൊണ്ട് നിങ്ങൾ പവിത്രമായി മറ്റുള്ളവരെയും പവിത്രമാക്കുന്നതിൽ സഹായിക്കണം

**ചോദ്യം:** ഏതൊരു നിശ്ചയത്തിന്റെ അഭാവത്തിലാണ് ഭക്ഷണം പ്രയോജനത്തിനു പകരം ദോഷമായി മാറുന്നത്?

**ഉത്തരം:** അഥവാ നിശ്ചയമില്ല – ഏറ്റവും സ്നേഹിയായ ബാബയാണ് നമ്മളെ പഠിപ്പിക്കുന്നതെന്ന്, നമ്മൾ വന്നിരിക്കുകയാണ് ജ്ഞാനവും യോഗവും പഠിച്ച് സമ്പത്തെടുക്കുന്നതിനു വേണ്ടിയെന്ന്, എങ്കിൽ ഭോജനം ദോഷകരമാകുന്നു. സംശയമുണ്ടായി അർത്ഥം ഭാഗ്യത്തിൽ വര വീഴുന്നു. അതിനാൽ നിശ്ചയത്തിൽ തന്നെയാണ് വിജയമുള്ളത്. ബാബ മാതാക്കളെ മുന്നിൽ വെക്കുന്നു. ഇതിൽ അസൂയ ഉണ്ടാവേണ്ട ആവശ്യമില്ല. ഇതിലും കുട്ടികൾക്ക് സംശയമോ ദേഹാഭിമാനമോ വരരുത്.

**ഗീതം:** ആരാണ് വന്നിരിക്കുന്നത് എന്റെ മനസിന്റെ വാതിൽക്കൽ .....

**ഓം ശാന്തി**. ഇത് കുട്ടികളാണ് പറയുന്നത്. ബാബ മനസിലാക്കിത്തരുന്നു– ഞാൻ സാകാരമല്ല, ആകാരത്തിലുള്ള ദേവതയുമല്ല. ഞാൻ പരമാത്മാവാണ്. ഇതും ആത്മാവാണ് പറയുന്നത്. ഒരക്ഷരം കൂടുന്നുവെന്നേയുള്ളൂ– പരമആത്മാവ് അർത്ഥം പരമാത്മാ. ഏതൊരു പരമാത്മാവിനെയാണോ എല്ലാ ഭക്തരും ഓർമിക്കുന്നത് ആ ആളുടെ തന്നെയാണ് മഹിമയുള്ളത്. ഇതിനെയാണ് മനുഷ്യസൃഷ്ടി എന്നു പറയുന്നത്. ഇപ്പോൾ രാവണരാജ്യമാണ്. ആസുരീയസമ്പ്രദായം. പരസ്പരം ദു:ഖം കൊടുക്കുന്ന സമ്പ്രദായം . ഇതാരാണ് മനസിലാക്കിത്തരുന്നതെന്നത് ഈ കണ്ണു കൊണ്ട് കാണാൻ സാധിക്കില്ല, ആത്മാവ് തന്റെ ബുദ്ധി കൊണ്ടാണ് തിരിച്ചറിയുന്നത്, എപ്പോഴാണോ ബാബ തന്റെ പരിചയം തരുന്നത്. നിങ്ങൾ എന്റെ കുട്ടികളാണ്. ഏതുപോലെ നിങ്ങൾ ആത്മാക്കളാണോ അതേ പോലെ ഞാനും ആത്മാവാണ്. എന്നാൽ ഞാൻ അച്ഛനായതുകൊണ്ട് എന്നെ പരംപിതാപരമാത്മാ എന്നു പറയുന്നു. അതുകൊണ്ട് ഭഗവാനുവാചാ എന്നും പറയുന്നു. ബ്രഹ്മാഭഗവാനുവാചാ എന്നു പറയുകയില്ല. ബ്രഹ്മാദേവതായ നമ:, വിഷ്ണുദേവതായ നമ: എന്നു പറയുന്നു. ഒരേയൊരു ബാബ സ്വയം പറയുകയാണ്– അല്ലയോ കുട്ടികളേ, ശിവഭഗവാനുവാച ഞാൻ നിങ്ങളെല്ലാവരുടെയും ഭഗവാനാണ്. എല്ലാവരും എന്നെ ഓർമിക്കുന്നു. ഞാൻ തന്നെയാണ് എല്ലാ കുട്ടികളെയും സദാ സുഖികളും സദാ ശാന്തരുമാക്കുന്നത്. വെറുതെ പറയാൻ വേണ്ടി മാത്രമല്ല. ഏതുപോലെയാണോ മനുഷ്യർ മനുഷ്യർക്ക് പുരസ്കാരം കൊടുക്കുന്നത്–ഇന്നയാൾ ശാന്തി സ്ഥാപനയുടെ നേതാവാണ്. ഇവിടെ മനുഷ്യരുടെ കാര്യമൊന്നുമില്ല, എല്ലാ മനുഷ്യർക്കും പുരസ്കാരം തരുന്നവൻ ഒരേയൊരു ബാബയാണ്. നിങ്ങൾ ശ്രീമതത്തിലൂടെ പവിത്രത, ശാന്തി, സമൃദ്ധി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളാരാണോ സഹായികളായി മാറുന്നത് അവർക്ക് ശാന്തിയുടെയും പവിത്രതയുടെയും സമൃദ്ധിയുടെയും സമ്പത്ത് ലഭിക്കുന്നു–കൽപം മുമ്പത്തെപ്പോലെ. ഇപ്പോൾ പരംപിതാപരമാത്മാവിന്റെ കൃത്യമായ ചിത്രമെടുക്കാൻ സാധിക്കില്ല. ബ്രഹ്മാവിന്റെയാണെങ്കിൽ സൂക്ഷ്മരൂപമുണ്ട്. നക്ഷത്രമായിരിക്കുന്ന ഈ പരമാത്മാവിന്റെ ഫോട്ടോ എങ്ങനെ എടുക്കാൻ സാധിക്കും? പരമപിതാപരമാത്മാവ് ഒന്നു മാത്രമാണ്. അതും ഒരു നക്ഷത്രത്തെപ്പോലെ. ഫോട്ടോയെടുക്കാൻ സാധിക്കില്ല. മനസും ബുദ്ധിയുമുള്ള ആത്മാവിന് പരമാത്മാവിനെ അറിയാൻ സാധിക്കുന്നു. ഇതെല്ലാം പുതിയ കാര്യങ്ങളാണ്. അതുകൊണ്ട് മനസിലാക്കിത്തരികയാണ്, നിങ്ങൾ സ്വയത്തെ ആത്മാവാണെന്നു മനസിലാക്കൂ. ഈ ശരീരം പിന്നീടാണ് ലഭിക്കുന്നത്. നിങ്ങൾ ആത്മാക്കൾ അവിനാശിയാണ്, അനശ്വരമാണ്. ശരീരം നശ്വരമാണ്. ശരീരം യുവാവും വൃദ്ധനുമാകുന്നു. ആത്മാവിന്റെ ചിത്രമെടുക്കാൻ പറ്റില്ല. സാക്ഷാത്കാരമുണ്ടായേക്കാം. സാക്ഷാത്കാരത്തിന്റെയും ഫോട്ടോയെടുക്കാൻ സാധിക്കില്ല. എന്നാൽ മനസിലാക്കിക്കൊടുക്കാൻ സാധിക്കും. മനുഷ്യർക്ക് ദേവതകളുടെ ഫോട്ടോയുണ്ടാക്കാൻ സാധിക്കും, പരമാത്മാവിന്റെ സാധിക്കില്ല. അതുകൊണ്ട് സംശയിക്കുന്നു. മനസിലാക്കാൻ സാധിക്കുന്നില്ല. ഇപ്പോൾ ബാബ മനസിലാക്കിത്തരുന്നു–മുഴുവൻ കല്പവും ദേഹബോധത്തിലിരിക്കുന്നു, ഇപ്പോൾ ദേഹീഅഭിമാനിയായി മാറൂ. സത്യയുഗത്തിൽ നിങ്ങളുടെ ദൈവികശരീരമായിരുന്നു. പിന്നീട് ക്ഷത്രിയ, വൈശ്യ, ശൂദ്ര ശരീരത്തിൽ വന്നു. ഇപ്പോൾ അല്ലയോ ആത്മാക്കളേ, നിങ്ങൾക്ക് മാറണം. നിങ്ങൾ ആത്മാക്കളോടാണ് സംസാരിക്കുന്നത്. നിങ്ങൾ ഈ കാതിലൂടെ കേട്ടുകൊണ്ടിരിക്കുന്നു. വേറെ ഏതെങ്കിലും മനുഷ്യർ ഇങ്ങനെ പറയില്ല. നിങ്ങളിവിടെ വന്നിരിക്കുകയാണ് – പരംപിതാപരമാത്മാവായിരിക്കുന്ന ശിവന്റെ അടുത്ത്. എന്നാൽ അവർ നിരാകാരനാണ്. തീർച്ചയായും

ആ നിരാകാരൻ തന്നെയാണ് സാകാരത്തിൽ വരുന്നത്. അപ്പോഴാണ് നിങ്ങളും വരുന്നത്. നിങ്ങളോട് ചോദിക്കുകയാണ്-ആരുടെ അടുത്തേക്കാണ് വന്നിരിക്കുന്നത്? നിങ്ങൾ പറയും- ശിവബാബയുടെ അടുത്തേക്ക്. ഈ (ദാദ)യും ഇടയിൽ ദല്ലാളാണ്.എന്തുകൊണ്ടെന്നാൽ പ്രോപ്പർട്ടി ഗ്രാൻഡ്ഫാദറിന്റേതാണ്. ഇടയിൽ അച്ഛനില്ല എങ്കിൽ മുത്തച്ഛൻ എന്ന് എങ്ങനെ പറയാൻ സാധിക്കും? മുത്തച്ഛന്റെ സമ്പത്ത് എങ്ങനെ ലഭിക്കും? ബാബ ഉള്ളതുകൊണ്ടാണ് ദാദയുടെ സമ്പത്ത് ലഭിക്കുന്നത്. ഇവിടെ നിശ്ചയമില്ലാതെ ആർക്കും വരാൻ സാധിക്കില്ല. നിശ്ചയമില്ലാതെ വരുന്നതിൽ അർത്ഥവുമില്ല. വരുന്നത് ശിവബാബയെ കാണാനാണ്. ബ്രഹ്മാവിലൂടെ ബാബയുടെ അടുക്കൽ ജന്മമെടുക്കാതെ നമ്മൾക്ക് എങ്ങനെ അദ്ദേഹത്തിന്റേതായി മാറാൻ സാധിക്കും? ഇതെല്ലാം മനസിലാക്കേണ്ട കാര്യങ്ങളാണ്. എന്നാൽ മായ വിവേകശൂന്യരാക്കി മാറ്റുന്നു. പിന്നീട് ബാബ വന്ന് വിവേകികളാക്കി മാറ്റുന്നു. നിങ്ങൾ ബാബയെ മറന്നതുകൊണ്ട് നിർധനരായി അനാഥരായി മാറിയിരിക്കുന്നു. ആദി മദ്ധ്യാന്ത്യം ദു:ഖമനുഭവിച്ചുവന്നു. അരകൽപം മുതൽക്ക് നിങ്ങൾ നിങ്ങൾ വികാരികളായി മാറി. അപ്പോൾ മുതൽ നിങ്ങൾ ദു:ഖിച്ചു ദു:ഖിച്ച് ഇപ്പോൾ മഹാദു:ഖത്തിലായിരിക്കുന്നു. ഏതൊരു ദേവതകളാണോ സദാ സുഖത്തിലുണ്ടായിരുന്നത്, ഈ സമയത്ത് അവർ മഹാദു:ഖത്തിലാകുന്നു. എവിടെ സ്വർഗത്തിന്റെ രാജ്യഭാഗ്യമുണ്ട്! ഇതുതന്നെയാണ് നിങ്ങൾ മനസിലാക്കുന്നത്-ശിവബാബ നമ്മുടെ സത്യം സത്യമായ പിതാവാണ്, ഇതിലൂടെ സത്യഖണ്ഡത്തിന്റെ സമ്പത്ത് ലഭിക്കുന്നു. ഇതു മനസിലാക്കിയാണ് ഇവിടെ വരുന്നത്. അല്ലെങ്കിൽ വരേണ്ട ആവശ്യമൊന്നുമില്ല. പുറത്തുപോയി നിങ്ങൾ പ്രഭാഷണങ്ങളൊക്കെ നടത്തുന്നുണ്ട്- വന്ന് ബാബയിൽ നിന്ന് പഠിക്കുകയാണെങ്കിൽ സ്വർഗത്തിന്റെ അധികാരി- ദേവീദേവതയായി മാറാം. ദേവീദേവതാധർമത്തിന്റേതായിട്ടുള്ളവർ തൈകൾ മുളയ്ക്കപ്പെടും. എന്നാൽ കോളജും യൂണിവേഴ്സിറ്റിയും ഇതൊന്നുതന്നെയാണ്. ഇവിടെ ദിവസവും പഠിക്കണം. ബാബയെ നിരന്തരം ഓർമിക്കണം. പവിത്രമായി മാറുകയും വേണം. രക്ഷാബന്ധനെന്നു പാടപ്പെട്ടിട്ടുണ്ട്. സഹോദരി സഹോദരനു രാഖി അണിയിക്കുന്നു. മാതാവു ശക്തിയാണല്ലോ. ഇപ്പോൾ അവരുടെ പദവി തീർച്ചയായും ഉയർത്തണം. സഹോദരന്മാരോടും പറയാറുണ്ട്-നിങ്ങൾ ഈ മാതാക്കൾക്ക് ബഹുമാനം കൊടുക്കൂ. ഇവരുടെ സഹായികളായി മാറൂ. പീഡനങ്ങളിൽ നിന്ന് രക്ഷിക്കൂ. പൂർണമായും മനസിലാക്കാത്തതുകൊണ്ട് വിപരീതകാര്യങ്ങൾ കേൾക്കുന്നതുകൊണ്ട് വീണ്ടും പാവപ്പെട്ട അബലകൾ ബന്ധിതരാകുന്നു. അതുകൊണ്ട് ആരാണോ വിപരീതകർമം ചെയ്യുന്നത് ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നതിനു വിഘ്നമുണ്ടാക്കുന്നത് അവരിൽ വലിയ പാപത്തിന്റെ ഭാരമുണ്ടാകുന്നു. ഇവിടെ നിങ്ങൾ വന്നിരിക്കുകയാണ് ജീവിതമുണ്ടാക്കുന്നതിനു വേണ്ടി. ഈ ജ്ഞാനമാർഗത്തിൽ വിഘ്നങ്ങളുമുണ്ടാകുന്നുണ്ട്. എന്തുകൊണ്ടെന്നാൽ ഇവിടെ പവിത്രതയുടെ കാര്യമുണ്ട്. ക്രിസ്തുവിനെയും കുരിശിൽ കയറ്റി. അതും പവിത്രതയുടെ കാര്യത്തിലായിരുന്നു. ആത്മാവ് പവിത്രമായി വരുന്നു. പവിത്രമാക്കി മാറ്റുന്നതിനുള്ള പരിശ്രമം ചെയ്യുന്നു. പിന്നീട് പോപ്പ്, പാതിരിമാർ ഗുരുവായി മാറുന്നു. വാസ്തവത്തിൽ ഗുരു പവിത്രമായിരിക്കണം. എന്നാൽ ഈ സമയം വിവാഹവും കഴിക്കുന്നുണ്ട്. പവിത്രതയില്ലാതെ മനുഷ്യരെ ഒരു കാര്യത്തിനും കൊള്ളില്ല. ഇവിടെ പവിത്രതയാണ് മുഖ്യം. ഇതിൽ തന്നെയാണ് വിഘ്നങ്ങൾ ഉണ്ടാകുന്നത്. മദ്യപാനികൾക്ക് മദ്യമില്ലാതെ വിശ്രമമില്ല, അതേപോലെ വിഷമില്ലാതെ ജീവിക്കാൻ അവർക്ക് സാധിക്കുന്നില്ല. ബാബ മനസിലാക്കിത്തരികയാണ്-ഞാൻ നിങ്ങളെ പതീതത്തിൽ നിന്നും പാവനരാജാക്കന്മാരുടെയും രാജാവാക്കി മാറ്റുന്നു. അതുകൊണ്ട് നിങ്ങൾ കുട്ടികൾ ഇവിടെ വരുന്ന സമയത്ത് ഓർമ ഉണ്ടായിരിക്കുമല്ലോ. ആർക്കും സംശയമൊന്നുമില്ലല്ലോ. അല്ലെങ്കിൽ വളരെയേറെ അബലകളുടെ മേൽ ബന്ധനങ്ങൾ വരും. പിന്നീട് വലിയ ശിക്ഷകളനുഭവിക്കേണ്ടതായി വരും. കാരണം ബാബ ധർമരാജനും കൂടിയാണല്ലോ. നമ്മൾ ബാബ എന്നു നിരാകാരനെയാണ് പറയുന്നത്. ഇപ്പോഴത്തെ സമയം മേയറിനെപ്പോലും ബാപ്പുജി എന്നു പറയുന്നു. ഗാന്ധിജിയെയും ബാപ്പുജി എന്നു പറഞ്ഞിരുന്നു. എന്നാൽ ഇത് എല്ലാ ആത്മാക്കളുടെയും യഥാർഥ ബാപ്പുവാണ്. ഇതൊരു വീൺവാക്കൊന്നുമല്ല. അച്ഛനെന്നാൽ അച്ഛൻ ആണ്. നമ്മൾ ആത്മാക്കളെ രാജയോഗം പഠിപ്പിക്കുകയാണ്. ബാബ വരുന്നു-ഇതിൽ സംശയം ഒന്നും വരേണ്ടതില്ല. സംശയം കൊണ്ടുവരുന്നത് മായാരാവണനാണ്. സംശയത്തെ ഭൂതമെന്നാണ് പറയുന്നത്. നിശ്ചയത്തെ ഭൂതമെന്നു പറയുന്നില്ല. നിശ്ചയത്തിലൂടെ വിജയം പ്രാപിക്കുന്നു. സംശയഭൂതത്തിലൂടെ നാശത്തെ പ്രാപിക്കുന്നു. "ബാബ എന്തുകൊണ്ടാണ് ഇങ്ങനെ ചെയ്യുന്നത്? ബാബ എന്തുകൊണ്ടാണ് മാതാക്കളുടെ മഹിമ ചെയ്യുന്നത്?" -ഈ സങ്കൽപം വരുന്നതും സംശയമല്ലേ? ബാബ പറയുന്നു-ഇത് പ്രവർത്തിമാർഗമാണ്. എന്നാൽ ഇതിലും മാതാ ഗുരു എന്നാണ് പറയുന്നത്. വന്ദേ മാതരം. മാതാഗുരു ഇല്ലാതെ ആരുടെയും മംഗളം നടക്കുന്നതല്ല. ഗോപന്മാരുടെയും മംഗളമുണ്ടാകുന്നുണ്ട്. അവർ പിന്നീട് മറ്റുള്ളവരുടെ സേവനം ചെയ്യുന്നു. മിത്രസംബന്ധികളെയും കൊണ്ടുവരുന്നുണ്ട്. വരൂ, ബ്രഹ്മാകുമാരിമാരുടെ അടുത്തേക്ക് നിങ്ങളെ കൊണ്ടുപോകാം. നിങ്ങളും ബ്രഹ്മാകുമാരനാണ്. പ്രജാപിതാ ബ്രഹ്മാവാണ് മുഖ്യം. എപ്പോഴെങ്കിലും സൃഷ്ടി രചിച്ചിട്ടുണ്ടെങ്കിൽ തീർച്ചയായും ഭഗവാൻ വന്നിട്ടുണ്ടാകും. മനുഷ്യർ പറയാറുമുണ്ട്- നമ്മളെ ഭഗവാനാണ്

സൃഷ്ടിച്ചത് എങ്കിൽ ഭഗവാന് ശരീരത്തിൽ വരിക തന്നെ വേണം. ശരീരത്തിന്റെ പേരെന്താണ്? സന്യാസം ചെയ്തതുകൊണ്ട് ഭഗവാന്റേതായി മാറിയതുകൊണ്ട് പേര് വെക്കുന്നു ബ്രഹ്മാവ്. നോക്കൂ-എങ്ങനെയാണ് സൃഷ്ടി രചിച്ചിരിക്കുന്നത്. ഇത് വളരെ അത്ഭുതകരമായ കാര്യമാണ്. ഗീത മുതലായ ശാസ്ത്രങ്ങളിൽ ഇങ്ങനെയുള്ള കാര്യങ്ങളൊന്നുമില്ല. ഈ നോളജ് സദ്ഗതിക്കു വേണ്ടിയുള്ളതാണ്. ബാബ തന്നെയാണ് സദ്ഗതിദാതാവ്. ആ രചയിതാവിനു തന്നെയാണ് ഈ സൃഷ്ടിയുടെ ആദിമദ്ധ്യാന്തത്തെക്കുറിച്ചുള്ള അറിവ്. മുഴുവൻ ലോകത്തിലും അന്വേഷിച്ചോളൂ- ആരെങ്കിലുമുണ്ടോ, രചനയെയും രചയിതാവിനെയും ആദിമദ്ധ്യാന്തത്തെയും കുറിച്ചറിയുന്നവർ- ബ്രഹ്മാകുമാർ, കുമാരിമാർക്കല്ലാതെ. എന്നാൽ ജ്ഞാനിതൂ ആത്മാ കുട്ടികൾക്കേ ഇതെല്ലാം മനസിലാകൂ. നിങ്ങൾക്ക് തെളിയിച്ചുകൊടുക്കണം-പരംപിതാപരമാത്മാവ് അച്ഛനാണ്. അല്ലാതെ, സർവവ്യാപിയല്ല. അവസാനം എല്ലാവരും മനസിലാക്കും-ഈ ജ്ഞാനം ഇവർക്ക് പരംപിതാപരമാത്മാവു തന്നെയാണ് ബ്രഹ്മാവിലൂടെ തരുന്നത്. അതുകൊണ്ട് ഇതിന്റെ പേരു തന്നെ ബ്രഹ്മാജ്ഞാനം എന്നാണ്, ബ്രഹ്മജ്ഞാനം എന്നല്ല. തീർച്ചയായും ബാബയിൽ നിന്നു തന്നെയാണ് ലഭിച്ചിരിക്കുക. ബാബയാണ് ജ്ഞാനസാഗരൻ. അദ്ദേഹത്തിന്റെ മഹിമയാണ്. ജ്ഞാനത്തിന്റെ കലശം പിന്നീട് മാതാക്കൾക്കാണ് കൊടുത്തിരിക്കുന്നത്. ബാബ വന്ന് ഈ മാതാക്കളെ ഉയർത്തുകയാണ്. പുരുഷന്മാരും ഉയരുന്നുണ്ട്. എന്നാൽ ഇതിൽ ഈർഷ്യ വരേണ്ട ആവശ്യമൊന്നുമില്ല. ഇങ്ങനെയുമില്ല-മാതാക്കളുടെ പേര് എന്തുകൊണ്ട് വെച്ചു....ബാബ വന്ന് മാതാക്കളുടെ പേര് പ്രശസ്തമാക്കി. ബാബ കുട്ടികൾക്ക് ബ്രഹ്മാവിലൂടെ ജ്ഞാനം നൽകുന്നു-ഇതാണ് ബ്രഹ്മാജ്ഞാനം. ജ്ഞാനം ശിവബാബയുടേതാണ് .ബ്രഹ്മാവിഷ്ണുശങ്കരനെ ജ്ഞാനസാഗരനെന്നു പറയില്ല. ബ്രഹ്മാവ് സ്വയം പറയുന്നുണ്ട്- ജ്ഞാനസാഗരൻ ഞാനല്ല. ഒരുപാട് ജന്മങ്ങളുടെ അന്തിമജന്മമാണിത്. ബാബയുടേതായി മാറി. അതുകൊണ്ട് ബാബ പേരു വെച്ചിരിക്കുകയാണ്. ആരെയാണോ ദത്തെടുക്കുക അവരുടെ പേര് മാറ്റാറുണ്ട്. എത്ര നല്ല രീതിയിലാണ് ബാബ മനസിലാക്കിത്തരുന്നത്. വലിയ രാജധാനി സ്ഥാപിക്കപ്പെടുകയാണ്. എഴുതിയിട്ടുമുണ്ട്- രുദ്രജ്ഞാനയജ്ഞത്തിലൂടെ വിനാശജ്വാല ഉത്ഭവിച്ചു. രുദ്രൻ അർത്ഥം ശിവൻ. കൃഷ്ണൻ രാജകുമാരനാണ്. കൃഷ്ണനെങ്ങനെയാണ് യജ്ഞം രചിക്കുന്നത്? മറ്റു ഗീതകളുടെ ഭഗവാൻ കൃഷ്ണനല്ല. കൃഷ്ണൻ സ്വർഗത്തിന്റെ രചയിതാവല്ല. സ്വർഗം തീർച്ചയായും രചയിതാവു തന്നെയാണ് രചിക്കുന്നത്. ഈ കാര്യങ്ങളൊക്കെ മനസിലാക്കുന്നതും അവരാണ്-ആരാണോ തന്റെ കുലത്തിലുള്ളവർ. ദേവീദേവതാധർമത്തിന്റെ തന്നെയാണ് തൈകൾ നട്ടുപിടിപ്പിക്കുന്നത്. നിങ്ങൾ മനസിലാക്കും-ഏതു വരെ ഉയരും. സൂര്യവംശിയിൽ പോകുമോ, ചന്ദ്രവംശിയിൽ പോകുമോ, അതോ പ്രജയിൽ വരുമോ? എല്ലാവരും മനസിലാക്കും-മരണത്തിന് യാതൊരു നിശ്ചയവുമില്ല. ഇന്നത്തെ കാലത്ത് ഇരിക്കെയിരിക്കെ മരണം സംഭവിക്കുന്നു. സ്വർഗത്തിൽ അകാലമൃത്യു ഉണ്ടാകുന്നില്ല. മനുഷ്യർ സുഖത്തിനു വേണ്ടി പരിശ്രമിക്കുന്നു. നമ്മൾ സ്വയത്തെ , ധനവാന്മാരാക്കുന്നു-സുഖമായിരിക്കുന്നതിനു വേണ്ടി. ചിലർ അഞ്ചു രൂപ ലഭിക്കുകയാണെങ്കിൽ ആറ്, ഏഴു രൂപ ലഭിക്കാൻ പരിശ്രമിക്കും. ബാബ പറയുന്നു-ഞാൻ നിങ്ങളെ സമ്പന്നരാക്കി മാറ്റുന്നു. സന്യാസിമാർ പറയുന്നു-സുഖം കാകവിഷ്ഠസമാനമാണ്. അവർക്കെന്തറിയാം. ബാബ മനസിലാക്കിത്തരുന്നു-ഹഠയോഗികൾക്ക് ആർക്കും ജീവിതമുക്തി കൊടുക്കാൻ സാധിക്കില്ല. ജീവന്മുക്തി പരംപിതാപരമാത്മാവു തന്നെയാണ് തരുന്നത്- ഈ മാതാക്കളിലൂടെ . തീർച്ചയായും പുരുഷന്മാരുമുണ്ടായിരിക്കും. പിന്നീട് തനിക്കു സമാനമാക്കി മാറ്റുന്നതിനുള്ള പുരുഷാർത്ഥം കൂടി ചെയ്യണം. എത്ര പുരുഷാർത്ഥം ചെയ്യുന്നുവോ അത്ര പദവി ലഭിക്കും. ഭൂരിപക്ഷം മാതാക്കളുടേതാണ്. പേരും ഗോ പാലകൻ കണ്ണൻ എന്നാണ് പാടപ്പെട്ടിട്ടുള്ളത്. കാളയുടെ പേരൊന്നുമുണ്ടാവില്ല. ഇതിൽ ദേഹാഭിമാനം ഉണ്ടാവരുത്. ദേഹാഭിമാനം വരുന്നതിലൂടെ മായ വീഴ്ത്തുന്നു. കുട്ടികൾ നിശ്ചയത്തോടെയാണ് വരുന്നത്- ഞങ്ങൾ ഏറ്റവും പ്രിയപ്പെട്ട ബാബയുടെ അടുത്തേക്ക് പോവുകയാണ് . ഈ ആത്മാവ് വായിലൂടെ പറഞ്ഞു- പരംപിതാപരമാത്മാവിന്റെ അടുത്തേക്ക് പോകുകയാണ് രാജയോഗവും ജ്ഞാനവും പഠിച്ച് സമ്പത്തെടുക്കുന്നതിനു വേണ്ടി. അല്ലെങ്കിൽ ഇവിടെ വരേണ്ട ആവശ്യമേയില്ല. ഈ സ്മൃതിയിലല്ല വരുന്നതെങ്കിൽ സംശയത്തിലൂടെ പിന്തിരിയും. അർത്ഥം തന്റെ അന്നം മോശമാക്കുന്നു, ഭാഗ്യത്തിൽ വര വീഴുന്നു. അതുകൊണ്ട് പറയുന്നു-നിശ്ചയബുദ്ധി വിജയന്തി. സംശയബുദ്ധി വിനശന്തി. ആദ്യം തന്നെ എഴുതിക്കണം-ആരുടെ അടുത്തേക്കാണ് പോകുന്നത്. പരംപിതാപരമാത്മാവിന്റെ അടുത്ത്. പരമാത്മാവു തന്നെയാണ് മനസിലാക്കിത്തരുന്നത്. ബാബ മനസിലാക്കിത്തരുന്നു- ഭക്തിമാർഗത്തിൽ കൃഷ്ണന്റെ ദർശനമുണ്ടാകുന്നു. എത്ര തീവ്രഭക്തിയാണ് ചെയ്യുന്നത്. ചിലർ കഴുത്തിൽ മഴു വെച്ച് പറയുന്നു- അഥവാ സാക്ഷാത്കാരമുണ്ടായില്ലെങ്കിൽ ഞങ്ങൾ മരിക്കും. അപ്പോൾ വളരെ പ്രയാസപ്പെട്ട് മഹിമ പാടുന്നു. ഇതും സാക്ഷാത്കാരത്തിൽ പറയുന്നു. അപ്പോൾ പ്രയാസപ്പെട്ട് ദർശനമുണ്ടാകുന്നു. ഈ സാക്ഷാത്കാരവും ഞാനാണ് നൽകുന്നത്. ഇവിടെ കുട്ടികൾക്ക് എനിക്ക് സാക്ഷാത്കാരം ചെയ്യിക്കുക തന്നെ വേണം. ലക്ഷ്യവുമുണ്ട്, സാക്ഷാത്കാരവുമുണ്ടാകുന്നുണ്ട്. എന്നാൽ ഇതിൽ സന്തോഷിക്കരുത്. ഏതുവരെ പുരുഷാർഥം ചെയ്യുന്നില്ലയോ എങ്കിൽ ഈ പ്രാലബ്ധമെങ്ങനെ

പ്രാപ്തമാക്കും? അതിനാൽ പുരുഷാർഥമാണ് ഒന്നാമത്. ശരി.

മധുര മധുരമായ വളരെക്കാലത്തിനു ശേഷം തിരിച്ചു കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1. ശ്രീമതത്തിലൂടെ നടന്ന് ബാബയോടൊപ്പം സഹായിയായി മാറി മുഴുവൻ വിശ്വത്തിലും പവിത്രതയും ശാന്തിയും സ്ഥാപിച്ച് പീസ്പ്രൈസ് വാങ്ങണം.

2. മാതാക്കളെയും സഹോദരിമാരെയും പീഡനത്തിൽ നിന്ന് രക്ഷിക്കണം. മാതാക്കളുടെ പദവി ഉയർത്തണം. ബഹുമാനം നൽകണം.

## വരദാനം - തന്റെ സഹയോഗത്തിന്റെ സ്റ്റോക്കിലൂടെ ഓരോ കാര്യത്തിലും സഫലത പ്രാപ്തമാക്കുന്ന മാസ്റ്റർ ദാതാവായി ഭവിക്കട്ടെ.

സേവനത്തിന്റെ അവിനാശി സഫലതയ്ക്കായി മാസ്റ്റർ ദാതാവായി സർവർക്കും സഹയോഗം നൽകൂ. മോശമായിപ്പോയ കാര്യങ്ങളെ, മോശമായിപ്പോയ സംസ്കാരങ്ങളെ, മോശമായിപ്പോയ മാനസ്കാവസ്ഥയെ ശുഭഭാവനയോടെ ശരിയാക്കുന്നതിൽ സദാ സർവരുടെയും സഹയോഗിയാകുക- ഇതാണ് വലുതിലും വലിയ ദാനം. ഇവർ ഇതു പറഞ്ഞു, ഇതു ചെയ്തു, ഇതു കണ്ടും കേട്ടും, മനസിലാക്കിയും സ്വന്തം സഹയോഗത്തിന്റെ സ്റ്റോക്കിലൂടെ പരിവർത്തനപ്പെടുത്തിക്കൊടുക്കുക. ആരിലെങ്കിലും ഏതെങ്കിലും ശക്തിയുടെ കുറവ് തിരിച്ചറിഞ്ഞാലും സ്വന്തം സഹയോഗത്തിലൂടെ സ്ഥാനം നിറയ്ക്കുക- ഇതാണ് മാസ്റ്റർ ദാതാവാകുക.

## സ്ലോഗൻ - സദാ ഹർഷിതരായിരിക്കണമെങ്കിൽ വിശ്വനാടകത്തിന്റെ ഓരോ ദൃശ്യത്തെയും സാക്ഷിയായി നോക്കൂ